**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3590** **27-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിക്കുണ്ടായിക്കൊണ്ടിരിക്കുന്ന ക്രമാതീതമായ വിലക്കയറ്റം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പച്ചക്കറിയുടെ വിലക്കയറ്റം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് പച്ചക്കറിയുടെ ലഭ്യതയിൽ ഉണ്ടായ കുറവ് വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. |
| (ബി) | എങ്കിൽ വിലക്കയറ്റത്തിനുള്ള പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പച്ചക്കറിയുടെ വിലക്കയറ്റം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് പച്ചക്കറിയുടെ ലഭ്യതയിൽ ഉണ്ടായ കുറവ് വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. |
| (സി) | പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമല്ലാത്തതിന്റെ കാരണം എന്താണന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറി ഉൽപ്പാദിപ്പിക്കാനുള്ള മണ്ണം, മനുഷ്യനും ഇവിടെയുണ്ട്. കൃഷി ചെയ്യാനുള്ള താൽപ്പര്യമില്ലായ്മയാണ് സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ തടസ്സമായിട്ടുള്ളത്. എല്ലാ കേരളീയരിലും കാർഷിക സംസ്കാരം ഉണർത്തുന്നതിനും, സുരക്ഷിത ഭക്ഷണം ഉറപ്പ വരുത്തുന്നതിനും, ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്കമായി ഈ സർക്കാർ രൂപംകൊടുത്ത് 'ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി ഘട്ടം ഘട്ടമായി അതിന്റെ ലക്ഷ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിലൂടെ പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷത്തിൽ യഥാക്രമം 1.15 ലക്ഷം |

| | | | |
|---|---|---|---|
| | | | ഹെക്ടറായും 17.21 ലക്ഷം മെട്രിക് ടൺ ആയും ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിയ്ക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷം 16 ഇനം പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. 94.04057 ലക്ഷം രൂപ ഈ ഇനത്തിൽ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ